തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. ചാത്തൻ) :

(എ, ബി) തിരുവിതാംകൂർ–കൊച്ചി പഞ്ചായത്താക്ടിലെ 55–ാംവകുപ്പു പ്രകാരം പഞ്ചായത്തുകൾക്ക് സ്റ്റാറ്റ്യൂട്ടറി ഗ്രാൻറ് കൊടുക്കുവാൻ 9.9 ലക്ഷം രൂപയും, എസ്റ്റാബ്ലിഷ്മെൻറ് ഗ്രാൻറ് കൊടുക്കാൻ 12.5 ലക്ഷം രൂപയും, റേഡിയോ വാങ്ങുന്നതിനു് ഗ്രാൻറ് കൊടുക്കുവാൻ 50,000 രൂപയും, ബ്ലോക്ക് ഗ്രാൻറ് കൊടുക്കുവാൻ 5 ലക്ഷം രൂപയും ഇക്കൊല്ലത്തെ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ടു്.

ശ്രീ. എം. സി. ഏബ്രഹാം: ബ്ലോക്ക് ഗ്രാൻറിൽ കൊള്ളിച്ചിട്ടുള്ള തുകയാരോ പഞ്ചായത്തിനാം എത്രവീതം കൊടുക്കാനാണു് തീരുമാനിച്ചിട്ടുള്ളതു്?

ശ്രീ. പി. കെ. ചാത്തൻ: അതു തീരുമാനിച്ചുകഴിഞ്ഞിട്ടില്ല.

ശ്രീ. ആർ. ജനാർദ്ദനൻ നായർ: പണം താമസിച്ചുകൊടുത്തിട്ടു് ആ വർക്ഷത്തിൽത്തന്നെ ചെലവാക്കണമെന്നുള്ള ഏർപ്പാടു മാറ്റി പണം നേരത്തെ കൊടുക്കുമോ?

ശ്രീ. പി. കെ. ചാത്തൻ: ബ്ലോക്ക് ഗ്രാൻറ് ഇന്ന ആവശ്യത്തിനു ചെലവാക്കണമെന്നു കണ്ടു കൊടുക്കാൻ കഴിയുകയുള്ളു. ഇക്കൊല്ലം നേരത്തെ കൊടുക്കാൻ ശ്രമിക്കാം.

ശ്രീ. എം. നാരായണക്കുറുപ്പു്: മലബാർ ഭാഗത്തു് ഈ ഗ്രാൻറുകളെല്ലാം കൊടുക്കുന്നുണ്ടോ?

ശ്രീ. പി കെ. ചാത്തൻ: സ്റ്റാറ്റ്യൂട്ടറി ഗ്രാൻറു് ഒഴികെ മറ്റെല്ലാം കൊടുക്കുന്നുണ്ടു്.

ശ്രീ. എം. നാരായണക്കുറുപ്പു്: കേരളത്തിൽ എല്ലായിടത്തും ഈ ഗ്രാൻറു് ഒരേ നിലയിൽ കൊടുക്കാൻ വേണ്ടതു ചെയ്യുമോ?

ശ്രീ. പി. കെ. ചാത്തൻ: പഞ്ചായത്തു് ആക്ടുപ്രകാരം അനുസരിച്ചു് തിരുവിതാംകൂർ–കൊച്ചി ഭാഗത്തുള്ള പഞ്ചായത്തുകൾക്കു് അവർ പിരിക്കുന്ന തുകയുടെ തോതനുസരിച്ചു് സംഖ്യ കൊടുത്തു വരുന്ന ഏർപ്പാടുണ്ടു്. അതു തുടർന്നുവരികയാണു്. ഇതു ഏകീകരിച്ചിട്ടില്ല.

ശ്രീ. എം. സി. ഏബ്രഹാം: സ്പെഷ്യൽ ഗ്രാൻറു് പഞ്ചായത്തുകൾക്കു് കൊടുത്തിരുന്നതു് ഇപ്പോഴും കൊടുക്കാതിരിക്കാൻ കാരണമെന്താണു്?

ശ്രീ. പി. കെ. ചാത്തൻ. അതാണു് ബ്ലോക്ക് ഗ്രാൻറു് എന്ന പേരിൽ കൊടുക്കുന്നതു്.

ഭക്ഷ്യധാന്യ ശേഖരണം.

* 1640. [10] ശ്രീ. എ. എം. മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിനകത്തുനിന്നും ഭക്ഷ്യധാന്യങ്ങൾ ശേഖരിക്കാൻ ഉദ്ദേശിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനകം എത്ര ഭക്ഷ്യധാന്യം ശേഖരിച്ചു;

(സി) എത്ര വിലയ്ക്കു്?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോർജ്ജു്): (എ—സി) കഴിഞ്ഞ ആഴ്ച ചോദ്യത്തിനു ഉത്തരം പറഞ്ഞിട്ടുണ്ടു്.

2/685/S

LIBRARY ARCHIVES Kerala Legislative Assembly